മരണമടഞ്ഞാൽ നിയമാനുസൃത അവകാശിക്ക് വീട് കൈമാറ്റം ചെയ്യുകൊടുക്കുന്ന തിനുപോലും തടസ്സം നേരിടുന്നുണ്ട്. പട്ടയത്തിന് അപേക്ഷ നൽകി, പട്ടയത്തിന് അർഹതയും അവകാശവുമുള്ള ടി കർഷകർക്ക് അവരുടെ വീടും അനുബന്ധ സൗകര്യങ്ങളും ഇന്ന് നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം.

അതോടൊപ്പം പരമ്പരാഗതമായി ലഭിക്കുന്ന പുരയിടത്തിൽ വീട് വച്ച് താമസിച്ചാൽ അവർക്ക് വീട്ടുനമ്പർ കൊടുക്കാത്തതിനാൽ അല്ലമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷനോ വാട്ടർ കണക്ഷനോ അപേക്ഷിക്കാൻ കഴിയുന്നില്ല. അതിനാവശ്യമായ ഒരു രേഖകളും ലഭ്യമാകുന്നില്ല. അതിനാൽ ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഉത്തരവ് നൽകി ഇടുക്കിയിലെ ജനങ്ങൾക്ക് സ്വാഭാവികമായുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കിത്തരണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ഇടുക്കി ജില്ലയിൽ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിൽ വീട് വച്ച് താമസിക്കുന്നവർക്ക് കെട്ടിടം അനധികൃതമാണോ അല്ലയോ എന്ന് പരിശോധിക്കാതെ തന്നെ 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 4-8-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 211/2012 പ്രകാരം താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി വരുന്നു. വർഷങ്ങളായി കൈവശത്തിലുള്ളതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ ഉടമ മരണമടയുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ മാത്രം ഉടമസ്ഥാവകാശം അർഹരായ അവകാശികൾക്ക് മാറ്റി നൽകുന്ന വിഷയം പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

11. പുളിക്കാട് ആർ.ഒ.ബി.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പുളിക്കാട് മണ്ഡലത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ് പുളിക്കാട് റെയിൽവേ മേൽപ്പാലം. തെക്കുനിന്നും വരുന്ന എല്ലാ ട്രെയിനുകളും ഇതുവഴിയാണ് കടന്നുപോകുന്നത്. അതിനാൽ മിക്കവാറും റെയിൽഗേറ്റ് അടഞ്ഞുകിടക്കുന്നതുകൊണ്ട് വളരെയേറെ സമയം മോട്ടോർ വാഹനങ്ങളും യാത്രക്കാരും കാത്തുനിൽക്കേണ്ട ഒരു സ്ഥിതിയുണ്ട്. എന്നാൽ ഇവിടെ ഇതുവരെ ഒരു റെയിൽവേ മേൽപ്പാലമെന്ന ആശയം സാർത്ഥകമായിട്ടില്ല. അതിനാൽ മണ്ഡലത്തിൽ ഏറെ പ്രാധാന്യമുള്ളതും എല്ലാ ജനങ്ങളുടെയും ആവശ്യവുമായ പുളിക്കാട് റെയിൽവേ മേൽപ്പാലത്തിന് വേണ്ട തുക അനുവദിച്ച് നിർമ്മാണപ്രവർത്തനം ആരംഭിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം റെയിൽവേയുടെ 2005-06 വർഷത്തെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ആകെ 35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണച്ചെലവിന്റെ 50 ശതമാനം റെയിൽവെ വഹിക്കുന്നതാണ്. ബാക്കി 50 ശതമാനവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കണം. റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം വായ്പയെടുത്താണ് RBDCK നിർവ്വഹിക്കുന്നത്. ടോൾപിരിവിലൂടെ ലഭ്യമാകുന്ന തുക കൊണ്ട് വായ്പാ തിരിച്ചടവ് സാധ്യമാകുന്നില്ല. അതിനാൽ സർക്കാർ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽമാത്രമേ ഇതിന്റെ നിർമ്മാണം സാധ്യമാകുകയുള്ളൂ. അടുത്ത വർഷം ഇതിനാവശ്യമായ തുക കണ്ടെത്തുന്നകാര്യം പരിശോധിക്കും.

11.00 A.M]

12. ബൈപ്പാസ് നിർമ്മാണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, കഴിഞ്ഞ കാൽനൂറ്റാണ്ടായി സ്ഥലമെടുപ്പ് പൂർത്തീകരിച്ച് പണി പൂർത്തിയാകാതെ കിടക്കുന്ന റോഡായിരുന്ന കുറ്റിപ്പുറം-പുതുപൊന്നാനി എൻ.എച്ച് ബൈപ്പാസ്. ഈ റോഡിൽ കുറ്റിപ്പുറം തൊട്ട് ചമ്രവട്ടം ജംഗ്ഷൻ വരെ എൻ.എച്ച്.-ന്റെ ബൈപ്പാസാണെങ്കിലും സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പ്രവൃത്തി നടത്താൻ നിശ്ചയിച്ചത് പ്രകാരം പണി നടന്നു വരികയാണ്. പക്ഷേ പൂർത്തീകരിക്കണമെങ്കിൽ രണ്ടാംഘട്ടം പ്രവൃത്തി എത്രയും വേഗം ആരംഭിക്കേണ്ടതുണ്ട്. ചമ്രവട്ടം ജംഗ്ഷൻ മുതൽ പുതുപൊന്നാനിവരെ നീളുന്ന രണ്ടാം റീച്ചിൽ പള്ളപ്പുറം പ്രദേശത്ത് ഒരു പാലവും ആവശ്യമുണ്ട്. ഈ റോഡ് പൂർത്തീകരിക്കുന്നതോടുകൂടി കുറ്റിപ്പുറം-പുതുപൊന്നാനി എൻ.എച്ച്. ബൈപ്പാസിന്റെ രണ്ടാം റീച്ചിന്റെ പണി പൂർത്തീകരിക്കപ്പെടും. തീരദേശത്തോടുകൂടിയുള്ള കൊച്ചി-കോഴിക്കോട് യാത്ര ഏറ്റവും സുഗമമായ പാതയായി മാറുന്ന സാഹചര്യം വരും. ചമ്രവട്ടം പാലത്തിന്റെ പണി പൂർത്തികരിച്ചതോടുകൂടി പ്രധാനപ്പെട്ട റോഡായി മാറിയിരിക്കുകയാണ്. അതിന്റെ രണ്ടാം റീച്ചിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, എൻ.എച്ച്-66, പഴയ എൻ.എച്ച്- 17-ൽ ഉൾപ്പെടുന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി

LIBRARY ARCHIVES Kerala Legislative Assembly